# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.267 25.04.2017 - ൽ മറുപടിക്ക്

## നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഇൻസ്പെക്ടർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | കോഴിക്കോട് ജില്ലയിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ആയി ജോലി ചെയ്ത് വരികെ മരണമടഞ്ഞ ശിവദാസൻ.പി.പി. യുടെ മകൻ അശ്വിൻ ശിവദാസിന്റെ ആശ്രിത നിയമനത്തിന്റെ അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | നിയമനം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് വരെ ആയെന്നുള്ളത് അറിയിക്കാമോ; | ബി) | സംസ്ഥാന അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവായ 186 പേരിൽ 82-മത്തെ ആളാണ് അശ്വിൻ ശിവദാസ്. |
| സി) | നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ? | സി) | ജി.ഒ(കൈ)നം.249/13/ജി.എ.ഡി തീയതി, 02.09.2013 പ്രകാരം ആശ്രിത നിയമനത്തിനുള്ള ക്ലാർക്കുമാരുടെ നിയമനത്തിനായി 356 സൂപ്പർ ന്യൂമററി തസ്തികകൾ അധികമായി സൃഷ്ടിക്കുകയുണ്ടായി. അതിൽ 113 സൂപ്പർ ന്യൂമററി തസ്തികകൾ ആരോഗ്യ വകുപ്പിനു വേണ്ടി ഉള്ളതായിരുന്നു. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയ ക്ലാർക്കുമാരുടെ നിയമനം നിലവിലുള്ള ചട്ടങ്ങൾക്ക് അനുപാതമായി ക്രമപ്പെടുത്തിയാൽ മാത്രമേ പുതിയ നിയമനങ്ങൾ നൽകാൻ കഴിയുകയുള്ളൂ. |

Milan

സെക്ഷൻ ഓഫീസർ